വനിതാ കമ്മീഷൻ സർക്കാരിനു സമർപ്പിച്ച നിർദ്ദേശങ്ങൾ

28 [2897] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) 2001 മേയ് മാസത്തിനുശേഷം സ്ത്രീകളുടെ സാമൂഹിക നിലവാരം ഉയർത്തുന്നതിനുതകുന്ന എന്തെങ്കിലും നിർദ്ദേശങ്ങൾ വനിതാ കമ്മീഷൻ ഗവൺമെന്റിനു സമർപ്പിക്കുകയുണ്ടായിട്ടുണ്ടോ;

(ബി) എപ്പോഴൊക്കെയാണ് പ്രസ്തുത നിർദ്ദേശങ്ങൾ സമർപ്പിക്കപ്പെട്ടതെന്നും പ്രസ്തുത നിർദ്ദേശങ്ങളുടെ ഉള്ളടക്കമെന്താണെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത നിർദ്ദേശങ്ങൾ സംബന്ധിച്ച് ഗവൺമെന്റ് കൈക്കൊണ്ട നടപടികൾ സംബന്ധിച്ച് വിശദീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2001 മെയ് മാസം മുതൽ 2005 വരെ വിവിധ തീയതികളിലായി സമൂഹത്തിലെ നാനാവിഭാഗങ്ങളിൽപ്പെട്ട സ്ത്രീകളുടെ സാമൂഹിക നിലവാരം ഉയർത്തുന്നതിനായി 74 നിർദ്ദേശങ്ങൾ കേരള വനിതാ കമ്മീഷൻ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. എല്ലാ ജില്ലകളിലും സ്ത്രീകൾക്കും കുട്ടികൾക്കും അഭയം നൽകാൻ പര്യാപ്തമായ ഷോർട്ട് സ്റ്റേ ഹോമുകൾ നിർമ്മിക്കാനും തൊഴിലധിഷ്ഠിത ട്രെയിനിംഗ് നൽകി ഭാവിയിൽ സ്വയംപര്യാപ്തത കൈവരിക്കാനും കഴിയുന്ന നിർദ്ദേശങ്ങൾ, സ്ത്രീകൾക്ക് ചികിൽസാ സൗകര്യം വർദ്ധിപ്പിക്കാനുള്ള പദ്ധതികൾ, ബസ്യാത്ര സുരക്ഷിതമാക്കാനുള്ള നിർദ്ദേശം, വർക്കിംഗ് വിമൻസ് ഹോസ്റ്റൽ സൗകര്യം മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശം, പ്രൈവറ്റ് ഹോസ്പിറ്റൽ സ്റ്റാഫ് സംബന്ധിച്ച നിർദ്ദേശം, ഹോം നേഴ്സുമാരുടെ പ്രശ്നങ്ങൾ സംബന്ധിച്ച നിർദ്ദേശം, ചേരി പ്രദേശങ്ങളിലെ സ്ത്രീകളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശം, പ്രീമെട്രിക് ഹോസ്റ്റൽ വനിതാ ജീവനക്കാരുടെ പ്രശ്നം, വേശ്യാവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്നവരുടെ പ്രശ്നങ്ങൾ സംബന്ധിച്ച നിർദ്ദേശം, പോലീസ് സേനയിലെ നിയമനം സംബന്ധിച്ച നിർദ്ദേശം, ആദിവാസി സ്ത്രീകളുടെ പ്രശ്നങ്ങൾ, അവിവാഹിതരായ അമ്മമാരെ സംബന്ധിക്കുന്നതും അമ്മമാരുടെ ജാതിയുടെ ആനുകൂല്യം കുട്ടികൾക്കും ലഭിക്കുന്നതിനുള്ള തടസ്സങ്ങൾ സംബന്ധിച്ച കാര്യങ്ങൾ, സ്ത്രീപീഡനക്കേസ്സുകൾ വിചാരണ ചെയ്യുന്നതിനു പ്രത്യേക കോടതികൾ ആരംഭിക്കണമെന്ന നിർദ്ദേശം, വിദേശത്ത് തൊഴിൽ തേടിയെത്തി ജയിലിൽ കഴിയേണ്ടി വരുന്ന സ്ത്രീകളെ മോചിപ്പിക്കുന്നതിനുള്ള നിർദ്ദേശം, ജാഗ്രതാ സമിതി രൂപീകരിക്കുന്നതിനും സ്ത്രീ സുരക്ഷിതത്വത്തിനുമുള്ള നിർദ്ദേശങ്ങൾ, സ്ത്രീ കർഷകത്തൊഴിലാളികളുടേയും കയർത്തൊഴിലാളികളുടേയും പ്രശ്നങ്ങൾ, അക്ഷയാ പദ്ധതി, വനിതാ മാദ്ധ്യമ പ്രവർത്തകരുടെ കാര്യം, വിനോദ സഞ്ചാര കേന്ദ്രങ്ങളിലെ ലൈംഗിക ചൂഷണം, സ്ത്രീധന സമ്പ്രദായം എന്നിവയ്ക്ക് എതിരെയുള്ള നിർദ്ദേശങ്ങൾ, വിധവകൾ, വൃദ്ധകൾ എന്നിവരെ സംബന്ധിക്കുന്ന നിർദ്ദേശങ്ങൾ, സുനാമി മൂലം ദുരിതം അനുഭവിക്കുന്ന സ്ത്രീത്തൊഴിലാളികൾക്ക് തൊഴിൽ നൽകുന്നതിനുള്ള ഒരു പദ്ധതി തുടങ്ങിയവയാണ് സർക്കാരിന് വനിതാ കമ്മീഷൻ സമർപ്പിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) വനിതാ കമ്മീഷൻ സർക്കാരിൽ സമർപ്പിക്കുന്ന നിർദ്ദേശങ്ങൾ കേരള വനിതാ കമ്മീഷൻ ആക്ടിലെ 16 (2) വകുപ്പ് പ്രകാരം കേരള നിയമസഭ മുമ്പാകെ വെക്കുന്നതിനും ബന്ധപ്പെട്ട വകുപ്പുകൾക്ക് ആ വകുപ്പുകളെ സംബന്ധിച്ച നിർദ്ദേശത്തിൻമേൽ നടപടി എടുക്കുന്നതിനും ശുപാർശ ചെയ്തു അയയ്ക്കുകയുമാണ് ചെയ്യുന്നത്. അത്തരത്തിൽ അയച്ചിട്ടുള്ള നിർദ്ദേശങ്ങളിൽ 28 എണ്ണത്തിൽ അതത് വകുപ്പുകൾ നടപടി എടുത്തിട്ടുണ്ട്.

ഗ്രാമീണ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുവാൻ നടപടി

29 [2898] ശ്രീ. പി. കെ. കെ. ബാവ:
,, സി. ടി. അഹമ്മദ് അലി:
,, ടി. പി. എം. സാഹിർ:
,, സി. മമ്മൂട്ടി:
,, ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) ഇതിനായി എന്തു ചെലവാണ് പ്രതീക്ഷിക്കുന്നത്;

(ഡി) ഈ വർഷം ഇതുവരെ എന്ത് ചെലവ് ഉണ്ടായി എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1. ഗ്രാമീണ മേഖലയിൽ കൂടുതൽ പേർക്ക് പ്രയോജനം ലഭ്യമാകത്തക്കവിധത്തിൽ ഒരു വായ്പാ പദ്ധതി തയ്യാറാക്കിവരുന്നു.

2. ഈ സാമ്പത്തിക വർഷം 25,000 യൂണിറ്റുകൾ ചെറുകിട മേഖലയിൽ ആരംഭിച്ച് ഒരു ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ ലക്ഷ്യംവച്ച് 'പ്രത്യാശ' എന്നൊരു പദ്ധതി ആരംഭിച്ചു കഴിഞ്ഞു. ഏകദേശം 27,000 പേർ ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്തു കഴിഞ്ഞു. ഗ്രാമീണ മേഖലയിലും ഈ പാക്കേജിന്റെ പ്രയോജനം ലഭിക്കുന്നതാണ്.

3. കൂടാതെ, നിലവിലുള്ള സ്വയംതൊഴിൽ പദ്ധതിയായ പി.എം.ആർ.വൈ. പദ്ധതിയും ഗ്രാമീണ മേഖലയ്ക്ക് പ്രയോജനം ലഭ്യമാകുന്നതാണ്. കൂടാതെ വ്യവസായ വാണിജ്യ വകുപ്പുവഴി നടപ്പിലാക്കുന്ന മറ്റു പദ്ധതികളെല്ലാംതന്നെ ഗ്രാമീണ മേഖലയ്ക്കും പ്രയോജനം ലഭ്യമാകുന്നവിധത്തിൽ ഉള്ളവയാണ്.

(സി) എല്ലാ പദ്ധതികൾക്കും ബഡ്ജറ്റ് വിഹിതത്തിനനുസരിച്ച് ചെലവാക്കാനുദ്ദേശിക്കുന്നു. വിവിധ യൂണിറ്റുകൾക്കുള്ള സബ്സിഡി ഉൾപ്പെടെ മൊത്തം 4,644 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(ഡി) 30-6-2005 വരെ സംസ്ഥാന/കേന്ദ്ര വിഹിതം ഉൾപ്പെടെ 155.25 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതത്തിൽനിന്ന് ചെലവായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly